**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന ശ്രീ. ശെൽവരാജൻ, മണിക്കരാത്ത്, കമ്മാന്തറ, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024</u>**

മേൽ സൂചന പ്രകാരം ശ്രീ. ശെൽവരാജൻ, മണിക്കരാത്ത്, കമ്മാന്തറ, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ ഒന്നര സെന്റ് സ്ഥലത്ത് നിർമിച്ച വീടിന് അനുവദിച്ച UA നമ്പർ പ്രകാരമുള്ള നികുതിയിൽ കുറവ് വരുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാതി സമർപ്പിച്ചിരുന്നു.

കൊടുവായൂർ ഗ്രാമപഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് നല്കിയ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. ഫ്രണ്ട് യാർഡ് -- 1മീ, 1.3 മീ (റൂൾ 23 ടേബിൾ 3 വയലേഷൻ, റൂൾ 26 ടേബിൾ 4 വയലേഷൻ)

2. Side 1 - 30 CM, Side 2- 1 M, Rear- 20 Cm

3. ഫ്രണ്ട് - നിലവിൽ സൈറ്റിൽ കാണുന്ന അതിർത്തി പ്രകാരം പഞ്ചായത്ത് റോഡിലേക്കാണ് ഫ്രണ്ട് യാർഡ്.

Side 1, Rear Side- 26(5) പ്രകാരം existing building proposed building തമ്മിൽ 2 മീ അകലം പാലിക്കേണ്ടതുണ്ട്. വശങ്ങളിൽ NOC വെച്ചതായി നേരിട്ടുള്ള അന്വേഷണത്തിൽ ഉടമ പറഞ്ഞെങ്കിലും ആയതിന്റെ വിവരം ലഭ്യമല്ല. NOC കൊടുത്ത യാർഡിലേക്ക് ഓപ്പണിംഗ്സ്, സൺഷെയ്ഡ് എന്നിവ അനുവദനീയമല്ല - 26(10) ടേബിൾ 5

Side 2- ടി ഭാഗത്തു നടവഴി (cul de sac) ഉണ്ട് ആയതിൽ നിന്നും 1.5 സെറ്റ് ബാക്ക് ആവശ്യമാണ്. Document, Permit, Completion file ലഭ്യമാക്കുന്ന മുറയ്ക്ക് നടവഴിയുടെ വീതി കണക്കാക്കി സെറ്റ്ബാക്ക് പ്രകാരമാണോ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങള് റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്.

പകർപ്പ് : ശ്രീ. ശെൽവരാജൻ, മണിക്കരാത്ത്, കമ്മാന്തറ, കൊടുവായൂർ